

INDIAN CATHOLIC COMMUNITY

Tivoligasse 20, A-1120 Vienna, Austria, Tel: +43 1 8174206 Mobile: 06991196671

ഇന്ത്യൻ കത്തോലിക്കാ സമൂഹം വിയന്ന



**ICC Bulletin Vol. 3. 4** **www.iccvienna.org** **October- November 2008**


# Message of the Chaplain



വിശുദ്ധ അൽഫോൻസാമ്മ – നമ്മുടെ സ്വന്തം വിശുദ്ധ. മദ്ബഹായിലെ വിശുദ്ധ മണ്ഡപത്തിലൊരു മലയാളി. കേരള ക്രൈസ്തവരുടെ രണ്ടായിരത്തോളം വർഷത്തെ ക്രിസ്തീയ പൈതൃക വിശ്വാസത്തിന്റെ തിളങ്ങുന്ന താരമായി കാരുണ്യത്തിന്റെ ഈ അമ്മയെ ജാതിമതഭേദമെന്യെ ഈശ്വര വിശ്വാസികൾ നെഞ്ചിലേറ്റുന്നത് അഭിമാനത്തോടെയാണ്. 2008 ഒക്ടോബർ 12ന് പരിശുദ്ധ പിതാവ് ബനഡിക്ട് മാർപ്പാപ്പ വത്തിക്കാനിലെ വിശുദ്ധ പത്രോസിന്റെ ബസ്സിലിക്കായിൽ അൽഫോൻസാമ്മയെ വിശുദ്ധയായി പ്രഖ്യാപിച്ച് ആഗോള സഭയുടെ അൾത്താരയിൽ പ്രതിഷ്ഠിക്കുന്ന ധന്യമുഹൂർത്തം ഏതൊരു മലയാളിക്കും ആത്മീയ നിർവൃതിയുടെ നിമിഷമാണ്.

ശരീരവും മനസ്സും ആത്മാവും ദൈവീക പ്രചോദനങ്ങൾക്ക് വിധേയമാക്കി വിശ്വാസത്തിന്റേയും പ്രത്യാശയുടേയും സ്നേഹത്തിന്റേയും ത്യാഗോജ്ജ്വലമായ വഴിയിലൂടെ നടന്ന് ഒരു മനുഷ്യാത്മാവിന് നേടാവുന്ന ഏറ്റവും മഹോന്നതമായ വിശുദ്ധപദം ചേരുവാൻ മലനാടിന്റെ ഒരു വീരപുത്രിക്ക് സാദ്ധ്യമാണെന്ന് ഈ മലയാളി വിശുദ്ധ പ്രഘോഷിക്കുന്നു.

സഹനവും, രോഗവും, പരീക്ഷണങ്ങളും സുഖസന്തോഷങ്ങൾ നിറഞ്ഞ ഭാഗ്യജീവിതത്തിന് ശാപമായിക്കാണുന്ന ഇന്നത്തെ കമ്പോളലോകത്തിൽ കഠിനമായ സഹനത്തിന്റെ വിളഭൂമിയിൽനിന്നും വിശുദ്ധിയുടെ വിളവെടുപ്പ് നടത്തിയ ധീരവനിതയാണ് കുടമാളൂരിലെ മുട്ടത്തുപാടം കുടുംബത്തിന്റെ സൂര്യതേജസ്സായി പിറന്ന പഴൂപ്പറമ്പിൽ ജോസഫിന്റേയും മുട്ടുച്ചിറ പുതുക്കരി മേരിയുടേയും നാലാമത്തെ സന്താനമായ അന്നക്കുട്ടിയെന്ന അൽഫോൻസാമ്മ. ജീവിതത്തിലെ സഹന ബലിയിലൂടെ വിശുദ്ധിയുടെ പരമോന്നത ശ്രേണിയിലെത്തിയ ഈ ദു:ഖപുത്രിയുടെ നൊമ്പരാനുഭവങ്ങളുടെ ചില സാക്ഷ്യങ്ങൾ ശ്രദ്ധിക്കുക:

‘‘ഒരു മനുഷ്യന് ദുരിതങ്ങൾ അനുഭവപ്പെടാവുന്നത് ശാരീരികമായും മാനസീകമായും ആത്മീയമായുമാണ്. ഈ മൂന്ന് വിധത്തിലും കഠിന ദുരിതങ്ങൾ അനുഭവിച്ചുകൊണ്ടുള്ള അൽഫോൻസാമ്മയുടെ ജീവിതം അവരെ ജീവിച്ചിരിക്കുമ്പോൾത്തന്നെ ഒരു ഇതിഹാസമാക്കാൻ പോന്നതായിരുന്നു. രോഗം പിടിപെട്ടപ്പോൾ ദുരിതങ്ങളെ ദൈവത്തിന്റെ തലോടലുകളായി ഉൾക്കൊള്ളാൻ തുടങ്ങി. പിന്നീട് ദുരിതങ്ങളുടെ കാൽവരി യാത്രകളായിരുന്നു. അവൾ ദൈവത്തോട് വേദനകൾ ചോദിച്ചുവാങ്ങാൻ തുടങ്ങി. ഒരു അമ്പത് കിലോഗ്രാം ശരീരത്തിൽ വേദനയുടെ ഒരു സഹ്യപർവ്വതത്തെ വഹിക്കുകയാണ് അവൾ ചെയ്തത്. അൽഫോൻസാമ്മയ്ക്കായി ദൈവം രോഗങ്ങളെ പ്രത്യേകം സൃഷ്ടിച്ചു നൽകുകയായിരുന്നോ എന്നുപോലും സംശയമുണ്ട്. അവളുടെ രോഗങ്ങൾ അന്നോ പിന്നീടൊ കൃത്യമായി ഡയഗ്നോസ് ചെയ്തിട്ടുള്ളതായി അറിവില്ല. രക്തസ്രാവം, ഡബിൾ ന്യൂമോണിയ, ക്ഷയം, മലമ്പനി, കാലുകൾ ചേർത്തുവയ്ക്കാൻ കഴിയാത്ത വിധത്തിൽ വ്രണം, പാരവശ്യം, ഛർദ്ദി, ഉടലിലെ ത്വക്കിന്റെ ചുക്കിച്ചുളിയൽ, ഉറക്കമില്ലായ്മ, എന്നിങ്ങനെ രോഗങ്ങളുടെ ഒരു ലുത്തിനിയ തന്നെയാണ് പറഞ്ഞു കേൾക്കുന്നത്. മണിക്കൂറുകൾ നീളുന്ന പാരവശ്യം കഴിഞ്ഞാൽ കഠിനമായ വിശപ്പും ദാഹവും. എന്തെങ്കിലും കഴിച്ചാൽ ഛർദ്ദി. ഛർദ്ദി തുടങ്ങിയാൽ അമ്പതും അറുപതും തവണ.

ഇതിനുപുറമെ മാനസീക പീഢകളുടെ ഒരു പരമ്പര തന്നെ. എന്നാൽ വേദനകളുടേയും വ്യഥകളുടേയും വേളകൾപോലും പ്രാർത്ഥനകൾകൊണ്ടും പ്രായശ്ചിത്തങ്ങൾകൊണ്ടും പരോപകാരങ്ങളാലും അവൾ നിറച്ചു. തീയിൽ വീണ കീടത്തിന്റെ അവസ്ഥയാണ് തന്റെ ശരീരത്തിനെന്ന് അൽഫോൻസാമ്മ വേദനയുടെ ആധിത്യത്തിൽ പറഞ്ഞിട്ടുണ്ട്. കളങ്കമില്ലാത്ത ശരീരവും മനസ്സും കർത്താവിന്റെ കരങ്ങളിലേയ്ക്ക് എത്തുന്നതിന് മുമ്പുള്ള അവസാന നിമിഷങ്ങളിലും അപാരവേദന അവൾ സഹിച്ചു. ആ പീഢാനുഭവം സന്തോഷത്തോടെ പൂർത്തിയാക്കാൻ ആഗ്രഹിച്ച അവൾ കയർ കെട്ടിയ കട്ടിലിലെ പായയിൽ വേദനകൊണ്ട് തളർന്നു കിടക്കുമ്പോഴും ഇടക്കിടെ പുഞ്ചിരിക്കുന്നുണ്ടായിരുന്നു.

അങ്ങനെ അവളുടെ അന്ത്യനിമിഷങ്ങൾ അടുത്തുവരുന്നതായി അവൾക്കു തോന്നി. ആ നിമിഷങ്ങൾക്ക് സാക്ഷികളായ മദർ ഉർസൂലായുടേയും മറ്റ് സഹോദരിമാരുടേയും ഓർമ്മകളിൽ തെളിയുന്ന അക്ഷരങ്ങൾ ഇങ്ങനെയാണ്. എനിയ്ക്ക് സഹിക്കാൻ ശക്തിയില്ല. എനിക്കുവേണ്ടി പ്രാർത്ഥിക്കു എന്ന് മരണവേദനയിൽ അൽഫോൻസാമ്മ അപേക്ഷിച്ചു. കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. ശരീരം നുറുങ്ങുന്ന വേദനയും പിടച്ചിലും കണ്ടുനിൽക്കുന്നവർക്ക് സഹിക്കാനാവുന്നില്ലെന്നു കണ്ട് പുതപ്പിനുള്ളിൽ മുഖം മറച്ച് അവൾ കരഞ്ഞു. സമയം എത്രയായെന്ന് ചോദിച്ചശേഷം മുഖം വീണ്ടും പുതപ്പിൽ മൂടി. പന്ത്രണ്ടു മണിയോടെ വീണ്ടും സമയം ചോദിച്ചറിഞ്ഞു. ‘‘എന്റെ മാതാവെ, എന്റെ അമ്മെ‘‘എന്നു നിലവിളിച്ചതോടെ, കുഞ്ഞെ സമാധാനമായിരിക്കുക’’ എന്ന് സമാധാനിപ്പിച്ച് മദർ ഉർസൂല ക്രൂശിതരൂപം മുത്തിച്ചു. ‘‘എനിയ്ക്ക് യാതൊരു സമാധാനക്കേടുമില്ല’ എന്ന് അവളുടെ മറുപടി. അല്പം കഴിഞ്ഞപ്പോൾ എന്നെ നല്ല ഉടുപ്പും കപ്പൂസും ഇടുവിക്കണം. എന്നെ വിട്ടയയ്ക്കുക – എന്നായി അപേക്ഷ. ഈശോ മറിയം യൗസേപ്പേ – എന്നുപറഞ്ഞ്

അവൾ അന്ത്യശ്വാസം വലിച്ചു തുടങ്ങി. കേട്ടോ എന്റെ ചങ്കിൽ ഒരു ശബ്ദം. ദാ, കേൾക്കാൻ രസമല്ലേ എന്ന അവളുടെ അവസാന വാക്കുകൾ സന്തതസഹചാരിയും ശുശ്രൂഷകയുമായിരുന്ന സിസ്ററർ ഗബ്രിയേലിനോടായാരുന്നു. ഉടനെ അവൾക്ക് അന്ത്യകൂദാശ നൽകി. ഏകദേശം പന്ത്രണ്ടര മണിയോടെ ആ വിശുദ്ധാത്മാവ് സ്വർഗീയ പറുദീസായിലേക്ക് വിളിക്കപ്പെട്ടു. അങ്ങനെ മുപ്പത്തിയാറ് വർഷത്തെ ഈ ഭൂമിയിലെ അവളുടെ പ്രവാസജീവിതം അനശ്വരതയുടെ പ്രകാശ സ്രോതസ്സിൽ വിലയം പ്രാപിച്ചു.''

മലയാളക്കരയുടെ മർമ്മരങ്ങളും മലയാളിയുടെ പരിതോവസ്ഥകളുടെ പാരവശ്യങ്ങളും നെഞ്ചിലേറ്റി സ്വർഗീയപറുദീസായിൽ ആയിരിക്കുമ്പോഴും അവളുടെ ഹൃദയം നമുക്കുവേണ്ടി തുടിക്കുന്നു. അവളുടെ സമിപ്യം നമുക്ക് ശക്തി നൽകട്ടെ. അവളുടെ ജീവിതമാതൃക നമുക്ക് പ്രചോദനമേകട്ടെ. അവളുടെ മാദ്ധ്യസ്ഥം നമുക്ക് തുണയാകട്ടെ.

നമ്മുടെ കുടുംബങ്ങളേയും ഇടവകയേയും ഈ മലയാളി വിശുദ്ധയുടെ ശക്തിയേറിയ മാദ്ധ്യസ്ഥകരങ്ങളിൽ നമുക്ക് സമർപ്പിക്കാം. നമ്മുടെ പ്രയാസങ്ങളുടേയും പ്രതിസന്ധികളുടേയും നിമിഷങ്ങളിൽ നമ്മുടെ ഈ സ്വന്തം വിശുദ്ധയോടൊപ്പം അവളുടെ വാക്കുകൾ –എന്റെ മാതാവെ, എന്റെ അമ്മെ എന്നെ സഹായിക്കേണമെ –ചൊല്ലിക്കൊണ്ടുതന്നെ സകല വിശുദ്ധരുടേയും രാജ്ഞിയായ പരിശുദ്ധ കന്യകാമാതാവിന്റെ സങ്കേതം തേടാം.

വിശുദ്ധ അൽഫോൻസാമ്മയുടെ നാമകരണ ദിനത്തിന്റെ അനുഗ്രഹാശംസകൾ ഏവർക്കും നേർന്നുകൊണ്ട്,
P. Thomas Thandappilly CST: Chaplain

***Please Note:*** We welcome the Malayalee Bishops and Priests from India as our respected guests. Members of the ICC Parish Committee should collect the right information of the visits of the respective bishops of their Region for which they represent in the ICC Parish Committee and pass it over to the Chaplain and to the ICC Web Master Mr. Steephen Chevookaran.

## Main Events of the Coming Months

19th October 2008 : Malayalam Mass at 11.30 AM in Maria Lourdes by HE Mar James Pazhayattil; Bishop of Irinjalakkuda.

26th October 2008 : Meeting of the Kommunion Spendors after Mass in Stadlau at 6:45 PM.

2nd November 2008: All Souls Day Mass at 11: 30 in Meidling and 5: 30PM in Stadlau.

14th November 2008: Parish Committee Meeting at 7: 30 PM in Maria Lourdes.

20th, 21st, 22nd November 2008: Marriage Preparation Course from 2PM to 6PM at Maria Lourdes.
Only those who can attend three days will be given the valid Course Certificate.

7th December 2008: Youth Liturgy in Meidling and Stadlau.

**14th December 2008: Ecumenical Prayer and Carol Music Programme** beginning at 2: 30PM in Maria Lourdes Meidling. 3 Groups: Juniors till 12 years, Youth above 12 till 24 years, Seniors above 24 years. A-type: Music without any accompaniment. B-type: Music with accompaniment. Rolling Trophies will be given to the First, Second and Third of all groups.

The First half will be the Music Programme of the A-type (Music without any accompaniment). Then there will be an ecumenical prayer for the victims of Orissa, Karnataka and other states of India for about 30 minutes. That will be followed by the Carol Music of the B-type with accompaniment. All the music items must be performed in accordance with the dignity and sanctity of the Church. No more throwing of sweets, flowers or coloured powder will be allowed in the Church. They will disqualify the performance.

**Bible Competition 2009**

All the Chapters of the Malayalam Gospel –POC Bible- are included in the oral competition to be held in the First Week of December 2009. Gospels of Matthew, Mark, Luke and John. There will be separate competition for the Youth above 12 years to 18 and for Seniors above 18.

*Verleger : Steephen Chevookaran, Media & Communications for the Indian Catholic Community*